# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 145

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെ സീനിയർ വികാരി ജനറാളായി അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന വന്ദ്യ ദിവ്യശ്രീ. ഡോ. ഈശോ മാത്യു കശ്ശീശാ 2024 ഡിസംബർ 25-ാം തീയതി സഭയുടെ സജീവ സേവനത്തിൽ നിന്നു വിരമിക്കുകയാണ്.

2022 മാർച്ച് മാസം മുതൽ വികാരി ജനറാൾ ആയി ധന്യമായ ശുശ്രൂഷയാണ് അച്ചനിൽ നിന്നും സഭയ്ക്ക് ലഭിച്ചിട്ടുള്ളത്. റാന്നി-നിലയ്ക്കൽ, ചെങ്ങന്നൂർ-മാവേലിക്കര, നിരണം-മാരാമൺ എന്നീ ഭദ്രാസനങ്ങളിൽ വികാരി ജനറാൾ ആയും 2024 ജൂലൈ മാസം മുതൽ സഭയുടെ സീനിയർ വികാരി ജനറാൾ ആയും ശ്രേഷ്ഠമായ ശുശ്രൂഷയാണ് അച്ചൻ നിർവ്വഹിച്ചത്. മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണജൂബിലി പദ്ധതികളായ 'അഭയം' പാർപ്പിട പദ്ധതിയുടെയും 'ലക്ഷ്യ' വിദ്യാഭ്യാസ സഹായ പദ്ധതിയുടെയും കൺവീനറായി ഫലപ്രദമായ രീതിയിൽ അച്ചൻ പ്രവർത്തിച്ചു. അച്ചനിലൂടെ സഭയ്ക്ക് ലഭിച്ച ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അച്ചന്റെ സേവനങ്ങൾക്കായി നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. സഭയിലെ സജീവ സേവനത്തിൽ നിന്നു വിരമിക്കുന്ന അച്ചന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹകരമാകുവാൻ എല്ലാവരും പ്രാർത്ഥിക്കണം.

2024 ഡിസംബർ മാസം 26-ാം തീയതി മുതൽ വന്ദ്യ ദിവ്യശ്രീ. മാത്യു ജോൺ കശ്ശീശായെ കോട്ടയം-കൊച്ചി ഭദ്രാസന വികാരി ജനറാൾ സ്ഥാനത്തു നിന്നു വിടർത്തുകയും അന്നു മുതൽ സഭയുടെ സീനിയർ വികാരി ജനറാൾ ആയി നിയമിക്കുകയും ചെയ്യുന്നു. സീനിയർ വികാരി ജനറാൾ എന്ന ചുമതലയോടൊപ്പം നിരണം-മാരാമൺ ഭദ്രാസനത്തിന്റെ വികാരി ജനറാൾ എന്ന ചുമതലയും അച്ചന് ഉണ്ടായിരിക്കുന്നതാണ്. അച്ചന്റെ ശുശ്രൂഷകളും നേതൃത്വവും സഭയുടെ അർത്ഥവത്തായ ദൗത്യനിർവ്വഹണത്തിന് മുഖാന്തിരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം നൽകണം.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2024 ഡിസംബർ മാസം 10-ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 145**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

Very Rev. Dr. Easow Mathew, who has been rendering blessed service as the Senior Vicar General of our Church, will retire from active service on December 25, 2024. Since March 2022, Achen has served the Church in a gracious manner as Vicar General. He has rendered valuable services as the Vicar General of the Ranni-Nilackal, Chengannur-Mavelikara, and Niranam-Maramon Dioceses and, from July 2024, as the Senior Vicar General of the Church.

He has worked effectively as the convener of the Metropolitan's Golden Jubilee projects, namely the "Abhayam" housing project and the "Lakshya" educational assistance project. We praise God for the blessings the Church has received through his ministry and gratefully acknowledge his services. Let us all pray that the further endeavours of Achen, who is retiring from the active service of the Church, may be a blessing to the Church and society.

Effective December 26, 2024, Very Rev. Mathew John will be relieved from his position as the Vicar General of the Kottayam-Kochi Diocese and appointed as the Senior Vicar General of the Church. In addition, he will also be given responsibility as the Vicar General of the Niranam-Maramon Diocese.

Let us extend our prayerful cooperation so that Achen's ministry and leadership may enable the Church to carry out its meaningful mission.

May the grace of our Lord Jesus Christ be with you all.

Dated 10th December 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**